## പതിമൂന്നാം കേരള നിയമസഭ
### പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5939** 30.07.2015-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ പഠനം


**ചോദ്യം**
**ശ്രീ.കെ.എൻ.എ.ഖാദർ**

**മറുപടി**
**ശ്രീമതി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**


| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | മലയോര മേഖലയിലും വനാതിർത്തിയിലുമുള്ള പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളിൽ പലരും സ്കൂളുകളിൽ പോകാതെ രക്ഷാകർത്താക്കളോടൊപ്പം വനവിഭവങ്ങൾ ശേഖരിക്കുന്നതിനായി വനത്തിൽ കഴിയാറുണ്ടെന്ന വിധത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പഠനം മുടങ്ങുന്ന, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ തിരികെ സ്കൂളുകളിൽ എത്തിയ്ക്കുന്നതിനും പഠനം തുടരുന്നതിനും പട്ടികവർഗ്ഗ ക്ഷേമവകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി) | ഇത്തരത്തിൽ പഠനം മുടങ്ങുന്ന പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുട്ടികളെ കണ്ടെത്തി തിരികെ സ്കൂളുകളിൽ എത്തിക്കുന്നതിനായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർമാരുടെ നേതൃത്വത്തിൽ പട്ടികവർഗ്ഗ പ്രൊമോട്ടർമാർ, കമ്മിറ്റഡ് സോഷ്യൽ വർക്കേഴ്സ് തുടങ്ങിയവർ മുഖേന നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിദൂരവും, യാത്രാ സൗകര്യം ഇല്ലാത്തതുമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നിന്നും സ്കൂളുകളിലേയ്ക്കും തിരിച്ചും കൊണ്ടു പോകുന്നതിനായി ഗോത്രസാരഥി പദ്ധതി നടപ്പാക്കിവരുന്നുണ്ട്. ഇത്തരം |

| | | | |
|---|---|---|---|
| | | | കുട്ടികളെ താമസിപ്പിച്ച് പഠിപ്പിക്കുന്നതിന് മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവയും പ്രവർത്തിച്ചു വരുന്നു. സ്കൂളിൽ പോകാതെ വനത്തിൽ കഴിയുന്ന കുട്ടികളെ വനംവകുപ്പ് അധികൃതരുടെ സഹായത്തോടെ സ്കൂളുകളിൽ എത്തിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നു. |
| സി) | ഈ കുട്ടികൾക്ക് പ്രത്യേകിച്ച് ആൺകുട്ടികൾക്ക് സ്കൂളുകളോട് ചേർന്ന് ഹോസ്റ്റൽ സൗകര്യമില്ലാത്തത് ഇവരുടെ പഠനം മുടങ്ങുന്നതിന് കാരണമാകുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എല്ലാ കുട്ടികൾക്കും ഹോസ്റ്റൽ സൗകര്യം ലഭ്യമാക്കുന്നതിന് പ്രത്യേകം ശ്രദ്ധ നൽകുമോ? | സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വകുപ്പിന് കീഴിൽ 110 ഹോസ്റ്റലുകൾ, 20 മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവ നിലവിൽ പ്രവർത്തിച്ചു വരുന്നുണ്ട്. പട്ടികവർഗ്ഗ ജനസംഖ്യാ അനുപാതം കൂടുതലുള്ള ജില്ലകളിൽ അർഹരായ മുഴുവൻ പട്ടികവർഗ്ഗ കുട്ടികളെയും പ്രവേശിപ്പിക്കുന്നതിന് ഈ സ്ഥാപനങ്ങൾ പര്യാപ്തമല്ല. ഇത്തരം സാഹചര്യങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി പുതിയ മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ/പ്രീമെട്രിക് /പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ തുടങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. നിലവിൽ സ്കൂളുകളോട് ചേർന്ന് ഹോസ്റ്റൽ സൗകര്യമില്ലാത്ത പ്രദേശങ്ങളിലെ ആൺകുട്ടികളെ ഹോസ്റ്റൽ സൗകര്യമുള്ള സ്ഥലത്ത് പ്രവർത്തിക്കുന്ന സ്കൂളുകളിൽ ചേർത്ത് പഠനം തുടരുന്നതിന് പ്രത്യേകം ശ്രദ്ധ നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ